പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2251 — 23-01-2014-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>" എ. പ്രദീപ് കുമാർ<br>" ബാബു.എം. പാലിശ്ശേരി<br>" കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ബോർഡിന്റെ 2014-2015 വർഷത്തേയ്ക്കുള്ള എ. ആർ. ആർ. & ഇ. ആർ.സി യും താരീഫ് പെറ്റീഷനും ഏതെല്ലാം മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് ബോർഡ് വിലയിരുത്തിയിട്ടുണ്ടോ; | (എ) 2014-15 വർഷത്തേയ്ക്കുള്ള എ.ആർ.ആർ & ഇ.ആർ.സി പെറ്റീഷൻ 2014 ഫെബ്രുവരി മാസത്തിൽ സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു,പെറ്റീഷൻ സമർപ്പിക്കാത്തതിനാൽ ഇതുസംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (ബി) ഇതിന്റെ ഭാഗമായി എത്രത്തോളം ചാർജ്ജ് വർദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത് | (ബി) ബാധകമല്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ്ജിൽ വർദ്ധന വരുത്തിയതിന്റെ ഭാഗമായി വൈദ്യുത ഉപഭോക്താക്കൾക്കുണ്ടായ അധിക ഭാരം എത്ര? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, രണ്ടു പ്രാവശ്യം അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു. യൂണിറ്റിന്റെ ചാർജ്ജ് |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

വർദ്ധനവിനു പുറമേ, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. നിലവിൽ ഇന്ധന സർചാർജ്ജ് ഈടാക്കുന്നില്ല .

<u>സംസ്ഥാനത്ത് നടപ്പിലാക്കിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ.</u>

| കാലയളവ് | നിരക്കുകൾ |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ. | മാസം 120 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് - ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും — യൂണിറ്റിന് 25 പൈസ നിരക്കിൽ. |
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ. | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് — ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും- യൂണിറ്റിന് 20 പൈസാ നിരക്കിൽ. |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ. | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് — ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും - യൂണിറ്റിന് 20 പൈസാ നിരക്കിൽ |
| 2013 ജനുവരി മുതൽ 2013 മാർച്ച് വരെ. | എല്ലാ വിധ ഉപഭോക്താക്കൾക്കും — യൂണിറ്റിന് 10 പൈസാ നിരക്കിൽ. |

ഇതിനു പുറമേ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും 10 രൂപാ നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുവാനും സംസ്ഥാന റഗുലേറ്ററി കമ്മീഷൻ അനുവാദം നൽകിയിരുന്നു. എന്നാൽ 2012 ജൂൺ ഒന്നാം തീയതി മുതൽ ഇതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമേ 2012 ഡിസംബർ 15 - ാം തീയതി മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് ഉപഭോക്താക്കളുടെ മേൽ നിയന്ത്രണമേർപ്പെടുത്തുകയും പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും അതാതു വിഭാഗത്തിനുള്ള എനർജി ചാർജ്ജ് നിലവിലെ നിരക്കിനു പുറമേ പെനാൽറ്റി ആയി ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണം 2013 ജൂൺ ഒന്നാം തീയതി മുതൽ ഒഴിവാക്കുവാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് ഇന്ധന സർചാർജ്ജോ, അധിക ഉപയോഗത്തിന് പെനാൽട്ടിയോ, നിലവിലില്ല.

സെക്ഷൻ ഓഫീസർ